# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3841** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷി മൃഗാദികൾ ഇവയുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷി മൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടു വരുന്ന ഇറച്ചിക്കോഴി , പാലുല്പന്നങ്ങൾ, പക്ഷി മൃഗാദികൾ എന്നിവ മൃഗസരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തി വിടുന്നത്. ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റ് സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തി വിടുന്നത്. നിലവിൽ കുളമ്പ് രോഗം , ബ്രൂസല്ല രോഗം , ജോണീസ് ഡിസീസ് എന്നിവയും , ആട് വസന്ത, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങളും പടർന്നു പിടിക്കില്ല എന്നുറപ്പ വരുത്തുന്നതിനുള്ള സംവിധാനങ്ങൾ പാലക്കാട് ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് സംവിധാനം ഒഴിവാക്കി വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ വിജിലൻസ് യൂണിറ്റും , മൊബൈൽ ചെക്ക്പോസ്റ്റ് സംവിധാനവും പാലക്കാട് ജില്ലയിൽ രാത്രിയും പകലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത് കൂടാതെ ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെയും പക്ഷികളെയും മറ്റു ഉത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നവരുടെ ഒരു വിവരശേഖരണം നടത്തി ആരൊക്കെ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നും എവിടേയ്ക്ക് കൊണ്ടു വരുന്നു എന്നുള്ളത് രേഖപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാഹനവും തിരിച്ചറിയാനും , രോഗം സ്ഥിരീകരിച്ചാൽ കരുതൽ നടപടികൾ എത്രയും പെട്ടെന്ന് തുടങ്ങുവാനും വാഹനവും , കൊണ്ടു വന്ന ഉരുപ്പടികളും ബന്ധവസാക്കുവാനും സാധിക്കുന്നു . അതുവഴി രോഗവ്യാപനം തടയാനും കഴിയുന്നു . നിലവിൽ ഇറച്ചിക്കോഴി ,പാൽ, ഉത്പന്നങ്ങൾ, പക്ഷിമൃഗാദികൾ തുടങ്ങി അതിർത്തി കടന്നു വരുന്ന ഇനങ്ങളുടെ കണക്കും വിവരശേഖരണവും രോഗപരിശോധനയുമാണ് ചെക്ക്പോസ്റ്റുകളിൽ നടത്തുന്നത്. പാലുല്പന്നങ്ങൾ, മാംസം എന്നിവയുടെ |

| | | | |
|---|---|---|---|
| | | | കാര്യത്തിൽ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവയിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധികാരങ്ങളിൽ നിലവിൽ പരിമിതികൾ ഉണ്ട്. ഇതു പരിഹരിയ്ക്കുന്നതിനായുള്ള ചർച്ചകൾ നടന്നു വരുന്നു . ഗുണനിലവാരം പരിശോധിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ വകുപ്പ് ഉദ്ദേശിയ്ക്കുന്നുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥിരം പാല് പരിശോധനാ ചെക്ക് പോസ്റ്റുകളായ പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നിവിടങ്ങളിൽ പാൽ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ പാലുല്പന്നങ്ങൾ പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ സ്റ്റേറ്റ് ഡെയറി ലാബ്, മൂന്ന് മേഖലാ റീജിയണൽ ലാബുകൾ എന്നിവിടങ്ങളിൽ മാത്രമാണ് നിലവിൽ സംവിധാനം ഉള്ളത്. ഭക്ഷ്യ സുരക്ഷാ നിയമം പ്രകാരം പാലും, പാലുല്പന്നങ്ങളും പരിശോധിക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിന് ഇല്ല. ആയതിനാൽ, പ്രസ്തുത പരിശോധനാ സംവിധാനങ്ങൾ ക്ഷീരവികസന വകുപ്പ് പരിമിതപ്പെടുത്തിയിരിക്കുന്നു.<br><br>മിൽമ, അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് എത്തിക്കുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ് വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണവകുപ്പിന്റെ പരിശോധനാസംവിധാനങ്ങളിലൂടെ മാംസത്തിലും മുട്ടയിലും അടങ്ങിയിരിക്കുന്ന പല വിഷവസ്തുക്കളുടേയും സാന്നിദ്ധ്യം നിശ്ചിത സമയ പരിധിക്കുള്ളിൽ തിരിച്ചറിയാൻ പരിശോധനാസംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിച്ച് വരുന്നു . എല്ലാ ചെക്ക്പോസ്റ്റുകളിലും Closed circuit Television ശൃംഖല സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് . അന്യസംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന വാഹനങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഒരുക്കി ചെക്ക്പോസ്റ്റ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന് ഓൺലൈൻ ചെക്ക് പോസ്റ്റ് സിസ്റ്റം നടപ്പിലാക്കുന്നതും പരിഗണനയിലാണ് . രോഗം ഉണ്ടെന്നു സംശയിക്കുന്ന മൃഗങ്ങളെ മാറ്റി പാർപ്പിയ്ക്കുന്നതിന് ക്വാറന്റൈൻ സംവിധാനം |

| | | | |
|---|---|---|---|
| | | | സജ്ജീകരിച്ചു വരുന്നു . രോഗനിർണ്ണയത്തിന് ലബോറട്ടറി വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു . പാൽ, മാംസം , പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര<br><br>പരിശോധന, തുടർനടപടികൾ എന്നിവയിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധികാരങ്ങളിൽ നിലവിൽ പരിമിതികൾ ഉണ്ട്. ഇതു പരിഹരിയ്ക്കുന്നതിനായുള്ള ചർച്ചകൾ നടന്നു വരുന്നു. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം പാൽ, പാലുല്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ